തളിപ്പറമ്പ നഗരസഭ ജൈവവൈവിധ്യ രജിസ്റ്റർ പ്രകാശനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കുന്നു.

തളിപ്പറമ്പ നഗരസഭയുടെ ജൈവവൈവിധ്യ രജിസ്റ്റർ പ്രകാശനം ചെയ്തു

തളിപ്പറമ്പ: തളിപ്പറമ്പ നഗരസഭയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ജൈവവൈവിധ്യ രജിസ്റ്റർ പ്രകാശനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പ്രകാശനം ചെയ്തു. ജൈവവൈവിധ്യ മേഖലകൾ സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്നും ജൈവവൈവിധ്യം മഹാസംരക്ഷണയജ്ഞമായി സമൂഹം ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. പ്രകൃതി സംരക്ഷണം അനിവാര്യമാണ് അതിന് നാം തയ്യാറായില്ലെങ്കിൽ നമ്മുടെ തുടർ ജീവിതം ദുഷ്ക്കരമാകും. വർത്തമാന കാലത്ത് പ്രകൃതിയെ സ്നേഹിക്കുന്നിന് പകരം സംഹരിക്കുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.നഗരസഭ ചെയർമാൻ മഹമ്മൂദ് അള്ളാംകുളം അധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ മുഹമ്മദ് കീത്തേടത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് ചെയർപേഴ്സൺ വൽസലാ പ്രഭാകരൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ പി. മുഹമ്മദ് ഇഖ്ബാൽ, സി. ഉമ്മർ, രജനി രമാനന്ദ്, കെ. ഹഫ്സത്ത്, കൗൺസിലർ കെ. മുരളീധരൻ, കെ. വൽസരാജൻ, കെ. നിമിഷ, വി.വി. വിജയൻ, സെക്രട്ടറി അഭിലാഷ് സംസാരിച്ചു. രജിസ്റ്റർ തയ്യാറാക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ചവർക്ക് അവാർഡുകളും വിതരണം ചെയ്തു.

കെ. പ്രമോദ് സംഗീതസഭ പ്രസിഡണ്ട്

കെ.പ്രമോദ്, എൻ.രമേശൻ

കണ്ണൂർ: കണ്ണൂർ സംഗീതസഭ പ്രസിഡണ്ടായി കെ.പ്രമോദിനെയും സെക്രട്ടറിയായി ഒ. എൻ.രമേശനെയും തെരഞ്ഞെടുത്തു. കെ.പി.ജയബാലനാണ് ചെയർമാൻ. മറ്റു ഭാരവാഹികൾ: ഡോ.പി.വിനോദ്കുമാർ, എം.പി.വനജ ലക്ഷ്മണൻ (വൈസ് പ്രസിഡണ്ട്), വി.വിജയകുമാർ, പി.കെ.ബാലകൃഷ്ണൻ (ജോ. സെക്രട്ടറി), നിതിൻ പവിത്രൻ (ട്രഷറർ).

വാഹന പണിമുടക്ക്: 24 മണിക്കൂർ നിശ്ചലമാകുമെന്ന് മോട്ടോർ വ്യവസായ സംരക്ഷണസമിതി

കണ്ണൂർ: ഇന്ന് അർധരാത്രി ആരംഭിക്കുന്ന ദേശീയ വാഹന വ്യവസായ പണിമുടക്കിൽ ജില്ലയിലെ മോട്ടോർ വാഹന ഉടമകളും തൊഴിലാളികളും പൂർണ്ണ പങ്കാളികളാകുമെന്ന് മോട്ടോർ വ്യവസായ സംരക്ഷണസമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. ഗതാഗത മേഖലയെ തകർക്കുന്ന കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് 24 മണിക്കൂർ പണിമുടക്ക്. സ്വകാര്യ ബസ്, ഓട്ടോറിക്ഷ, ടാക്സി, ലൈറ്റ് മോട്ടോർ, ഗുഡ്സ്, ട്രക്ക്, ലോറി, കെ. എസ്.ആർ.ടി.സി, ഡ്രൈവിംഗ് സ്കൂൾ, വർക്ക്ഷോപ്പ് മേഖല, ഓട്ടോമൊബൈൽ ഡീലേർസ്, സ്പെയർപാർട്സ് മേഖല, സ്കൂൾ ബസുകൾ, ഓട്ടോ കൺസൾട്ടന്റ് മേഖല, യൂസ്ഡ് കാർ മേഖല എന്നിവ ദേശീയ പണിമുടക്കിന്റെ ഫലമായി നിശ്ചലമാകും. പണിമുടക്കിന്റെ പ്രചരണാർത്ഥം ജില്ലയിൽ രണ്ട് വാഹന പ്രചരണ ജാഥകൾ ആരംഭിച്ചിട്ടുണ്ട്. ഇന്ന് വൈകിട്ടും നാളെയും പ്രധാന കേന്ദ്രങ്ങളിൽ പ്രകടനം നടക്കുമെന്നും ഭാരവാഹികൾ പറഞ്ഞു. ജില്ലാ ചെയർമാൻ എം.വി.വത്സലൻ, കൺവീനർ കെ.ജയരാജൻ, താവം ബാലകൃഷ്ണൻ, എം.കെ.രവീന്ദ്രൻ പത്രസമ്മേളനത്തിൽ സംബന്ധിച്ചു.

നഗരസഭയുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ നടപടികൾ തടസം: ഭരണസമിതി

ശ്രീകണ്ഠപുരം: പുതുതായി രൂപവത്കരിക്കപ്പെട്ട ശ്രീകണ്ഠപുരം നഗരസഭയുടെ പ്രവർത്തനങ്ങൾക്ക് സർക്കാറിന്റെ തെറ്റായ നടപടിക്രമങ്ങൾ തടസം സൃഷ്ടിക്കുകയാണെന്ന് ചെയർമാൻ പി.പി. രാഘവൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നഗരസഭയ്ക്ക് ലഭിച്ച രണ്ടു കോടി പാഴാക്കിയെന്ന പേരിൽ സി.പി.എം. നടത്തുന്ന പ്രചാരണകൾക്കും സമരങ്ങൾക്കും യാതൊരു അടിസ്ഥാനവുമില്ല. സംസ്ഥാന സർക്കാരിനെതിരെയാണ് സി.പി.എം. സമരം നടത്തേണ്ടത്. ജി.എസ്.ടി.യുടെ പേരിൽ ക്വാറി, ക്രഷർ ഉടമകൾ നടത്തിയ സമരത്തെ തുടർന്ന് 1.74 കോടിയുടെ പൊതുമരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ നഗരസഭയിൽ ബാക്കിയുണ്ട്. പൂർത്തിയാവാത്ത പ്രവൃത്തികൾ സ്പിൽ ഓവറാക്കി മാറ്റാമെന്ന് സർക്കാർ ഉറപ്പു നൽകിയിട്ടും വാക്ക് പാലിച്ചില്ല. കണ്ണൂർ കോർപ്പറേഷൻ ഉൾപ്പെടെ മിക്ക തദ്ദേശ സ്ഥാപനങ്ങളുടെയും പദ്ധതി തുക സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. ശ്രീകണ്ഠപുരം നഗരസഭയെ മാത്രം കുറ്റപ്പെടുത്തുന്നതിന് പിന്നിൽ സി.പി.എമ്മിന്റെ രാഷ്ട്രീയ ലക്ഷ്യമാണ്. ജില്ലയിൽ ആദ്യമായി പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതും അയ്യങ്കാളി പദ്ധതിക്ക് ആദ്യ ഗഡു അനുവദിച്ചതും ശ്രീകണ്ഠപുരം നഗരസഭക്കാണ്. പുതിയ ക്ഷേമപെൻഷൻകാരുടെ അപേക്ഷകൾ ഒന്നര വർഷമായി പരിഗണിക്കാത്തതും പുതിയ നഗരസഭയെന്ന നിലയിൽ അനുവദിച്ച തസ്തികകളിൽ ജീവനക്കാരെ നിയമിക്കാത്തതും സംസ്ഥാന സർക്കാരാണ്.

സർക്കാറിന്റെ വീഴ്ച മറച്ചുവെക്കുന്നതിനാണ് സി.പി.എം. നഗരസഭക്കെതിരെ സമരങ്ങളും പ്രചരണങ്ങളും നടത്തുന്നത്. ഇക്കാര്യം വിശദീകരിക്കാൻ യു.ഡി. എഫിന്റെ നേതൃത്വത്തിൽ എട്ട് മുതൽ വാർഡുകളിലൂടെ പ്രചാരണ ജാഥ നടത്തും. വാർത്താ സമ്മേളനത്തിൽ നഗരസഭ ചെയർമാൻ പി.പി.രാഘവൻ, സ്ഥിരം സമിതി അധ്യക്ഷന്മാരായ എ.പി മുനീർ,വി.വി. സന്തോഷ്,, ജോസഫീന കുര്യാക്കോസ് എന്നിവർ പങ്കെടുത്തു.

മലയോരത്തെ ടൂറിസം വികസനത്തിനാവശ്യമായ സഹായം നൽകും : മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ശ്രീകണ്ഠപുരം: മലയോര മേഖലയിലെ ടൂറിസം വികസനങ്ങൾക്കായി സർക്കാർ പ്രത്യേക പദ്ധതിയൊരുക്കാൻ സഹായം നൽകുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ പാലക്കയംതട്ട്, വൈതൽമല എന്നിവയുടെ അടിസ്ഥാന വികസനത്തിന് ആവശ്യമായ സഹായങ്ങൾ നൽകാൻ ഡിടിപിസിയുമായി സംസാരിച്ച് സഹായങ്ങൾ ലഭ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു.

വിദ്യാലയ വികസനസമിതി രൂപീകരിച്ചു

ചാലാട്: ചാലാട് ഗവ. മാപ്പിള എൽ.പി സ്കൂളിൽ വിദ്യാലയ വികസന സമിതി രൂപീകരിച്ചു. പി.ടി.എ പ്രസിഡണ്ട് എം.കെ. പി.മുസ്തഫ അധ്യക്ഷത വഹിച്ചു. കെ.പി.റാഷിദ്, കെ.പി.അബ്ദുൾമജീദ്, ടി.കെ.ഹുസൈൻകുഞ്ഞി, കെ. എം.അബ്ദുൾമുനീർ, കെ.അബ്ദുൾറഹൂഫ്, കെ.പി.റഫീഖ്, കെ.വി.ഉമ്പിച്ചി, പി.കെ.നിധീഷ്, ടി.വി.ശരത്, എം.കെ.പി.അബ്ദുൾഖാദർ, വി.കെ.അബൂബക്കർ, എം.കെ.മെഹറൂഫ്, കെ.പി. കമറുദ്ദീൻ സംസാരിച്ചു. ഹെഡ്ടീച്ചർ സ്വാഗതവും എസ്.ആർ.ജി കൺവീനർ നന്ദിയും പറഞ്ഞു.

കെ.സുകുമാരൻ അനുസ്മരണം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

സുകുമാരനെ അനുസ്മരിച്ചു

ശ്രീകണ്ഠപുരം: സി.പി.എം നേതൃത്വത്തിൽ കുടിയാൻമല രക്തസാക്ഷി കെ. സുകുമാരന്റെ അനുസ്മരണ യോഗം നടത്തി. മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കെ. എം. ശശി അധ്യക്ഷനായി. ജില്ല സെക്രട്ടറിയേറ്റംഗം പി. വി. ഗോപിനാഥ്, ശ്രീകണ്ഠപുരം ഏരിയാ സെക്രട്ടറി എം. വേലായുധൻ, കെ.എം. ജോസഫ്, കെ. ടി. അനിൽകുമാർ, കെ.കരുണാകരൻ സംസാരിച്ചു.

ഫാർമസിസ്റ്റ് ഒഴിവ്

ശ്രീകണ്ഠപുരം: ഏരുവേശ്ശി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ താത്കാലിക ഫാർമസിസ്റ്റ് ഒഴിവുണ്ട്. അഭിമുഖം ചൊവ്വാഴ്ച 11ന് പ്രാഥമിക ആരോഗ്യ കേന്ദ്രം ഓഫീസിൽ. ഫോൺ: 0460 2292239.

തൊഴിലാളി ദ്രോഹനയം പിൻവലിക്കുക: എസ്.ടി.യു

കണ്ണൂർ : റോഡ് ഗതാഗത മേഖല കുത്തകൾക്ക് തീറെഴുതി കൊടുത്ത് തൊഴിലാളികളെ വഴിയാധാരമാക്കുന്നതിനെതിരെ മോട്ടോർ തൊഴിലാളികൾ നാളെ നടക്കുന്ന പൊതുപണിമുടക്ക് വിജയിപ്പിക്കുവാൻ സ്വതന്ത്ര മോട്ടോർ തൊഴിലാളി യൂനിയൻ ജില്ലാ കൺവൻഷൻ തിരുമാനിച്ചു. സി. ഉമ്മറിന്റെ അദ്ധ്യക്ഷതയിൽ എസ്. ടി. യു. ദേശീയ വൈസ് പ്രസിഡണ്ട് എം.എ. കരിം ഉദ്ഘാടനം ചെയ്തു. എസ്.ടി.യു ജില്ലാ ജനറൽ സിക്രട്ടറി ആലിക്കുത്തി പന്നിയൂർ, സംസ്ഥാന വൈ: പ്രസി.എ.പി.ബദുറുദ്ദീൻ, എം.കെ. ലതിഫ്, എ.പി.ഇബ്രാഹിം, ജെ. മുഹമ്മദ് സിനാൻ, സൈനുൽ അബിദ് മാട്ടുൽ, കെ.കെ. ഹരിഷ്, കെ. അനൂപ്, മുഹമ്മദ് മജിഷ് കരുവഞ്ചാൽ സംസാരിച്ചു. വി. ജലിൽ സ്വാഗതം പറഞ്ഞു.

അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ രണ്ടര മാസം നീണ്ടു നിൽക്കുന്ന മ്യൂറൽ സാരി പെയിന്റിംഗ് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ജില്ലയിലെ പട്ടികജാതിയിൽപ്പെട്ട 18നും 45നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. സ്റ്റൈപ്പന്റും മറ്റ് ആനുകൂല്യങ്ങളും നൽകും. സപ്തംബർ ആദ്യവാരം ക്ലാസ് തുടങ്ങും. അപേക്ഷകൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മ്യൂറൽ ആന്റ് ഗ്ലാസ് ആർട്ട്, സതീറാം ബിൽഡിംഗ്, പള്ളിക്കുളം, പി.ഒ. ചിറക്കൽ, കണ്ണൂർ എന്ന വിലാസത്തിൽ അപേക്ഷിക്കണം. അവസാന തീയതി പത്ത്. കൂടുതൽ വിവരങ്ങൾക്ക് 8138990262, 9447713302 എന്ന നമ്പറിൽ ബന്ധപ്പെടണം.

ഫ്രീഡം മീറ്റ് സംഘടിപ്പിച്ചു

തളിപ്പറമ്പ: എസ്.കെ.എസ്. എസ്.എഫ് മുക്കോല ശാഖ ഫ്രീഡം മീറ്റ് സംഘടിപ്പിച്ചു. ക്ലസ്റ്റർ സെക്രട്ടറി അസ്ലം മദ്രസ ഉദ്ഘാടനം ചെയ്തു. എം. മുഹമ്മദ് ബിനു ഷാറൂഖ് അധ്യക്ഷത വഹിച്ചു. കെ.വി. ഷംസുദീൻ, ഉമ്മർ മുക്കോല, ഫൈസൽ, റിസ്വാൻ, നബീൽ, മുഹമ്മദ് അലി സംസാരിച്ചു. സി.പി. ജംഷീർ സ്വാഗതവും അഷ്റഫ് നന്ദിയും പറഞ്ഞു.

പുത്തൻ രുചികളുമായി 'കോസ്റ്റാഹബ്' ഇന്ന് തുറക്കും

തളിപ്പറമ്പ: തളിപ്പറമ്പിന്റെ രുചി പാരമ്പര്യത്തിലേക്ക് പുത്തൻ അധ്യായം കുറിച്ച് കോസ്റ്റാഹബ് ഇന്ന് തുറക്കും. മന്ന- ആലക്കോട് റോഡിൽ ഹീറോ ഷോറൂമിന് സമീപം എംസീ ബിൽഡിങ്ങിൽ ഇന്ന് വൈകീട്ട് അഞ്ച് മണിക്കാണ് കോസ്റ്റാഹബ് ഫ്രഷ് ആന്റ് ഹോട്ടിന്റെ ഉദ്ഘാടനം. വ്യത്യസ്തതരം രുചികരമായ പിസകൾ ആണ് കോസ്റ്റാഹബ് തളിപ്പറമ്പുകാർക്കൊരുക്കുന്നത്. കൂടാതെ ബർഗർ, ചാട്ട് വിഭവങ്ങൾ, പാസ്ത, റോൾ, വിത്യസ്ത ജ്യൂസുകൾ, നിരവധി ഫ്ലേവറുകളുടെ ഐസ്ക്രീം, ഫ്രൈഡ് ചിക്കൻ, പേസ്ട്രി, കോഫി തുടങ്ങിയ പുത്തൻ രുചികളും കോസ്റ്റാഹബിന്റെ പ്രത്യേകതയാണ്. ആഴ്ചയിൽ എല്ലാദിവസവും രാവിലെ 11 മണി മുതൽ രാത്രി 11 വരെ തുറക്കും. ഫ്രീ ഹോം ഡെലിവറി സൗകര്യവും പാർക്കിങ്ങ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. എല്ലാവിധ പാർട്ടി ഓർഡുകളും സ്വീകരിക്കും. ഫോൺ: 04602209111, 9495209111.

കാൽനടജാഥ 12ന്

കൂവേരി: 15ന് കരുവഞ്ചാലിൽ നടക്കുന്ന സ്വാതന്ത്ര്യസംഗമത്തിന്റെ ഭാഗമായി ഡി.വൈ. എഫ്.ഐ കൂവേരി മേഖലാ കമ്മിറ്റി സംഘടിപ്പിക്കുന്ന കാൽനടജാഥ 12ന് പൂണങ്ങോട് നിന്ന് എളമ്പേരംപാറയിലേക്ക് നടക്കും. രാവിലെ ഒമ്പതിന് കെ. വി. രാഘവൻ ഉദ്ഘാടനം ചെയ്യും. വൈകുന്നേരം നാല് മണിക്ക് എളമ്പേരംപാറയിൽ സമാപന സമ്മേളനം മനുതോമസ് ഉദ്ഘാടനം ചെയ്യും. കെ. പി. ഹേമന്ത്, എം. ദിപിൻജാഥ നയിക്കും.

കെ.വി. ഹുസൈൻ അനുസ്മരണം നടത്തി

ശ്രീകണ്ഠപുരം: മുൻകാല സോഷ്യലിസ്റ്റ് നേതാവായിരുന്ന കെ.വി. ഹുസൈൻ അനുസ്മരണം നടത്തി. കാപ്പാട്ട് കുന്ന് ഹുസൈൻ സ്മാരക മന്ദിരത്തിൽ എം.വി. ഇബ്രാഹിം കുട്ടി ഉദ്ഘാടനം ചെയ്തു. കെ. ഒ.വി. നാരായണൻ അധ്യക്ഷത വഹിച്ചു. എം.വി. അബ്ദുള്ള, പി.വി.സുബൈർ, എം.വി.ഹംസ, എം.വി.റസാഖ്, എ.ജസീർ, കെ.പി. ഫായിദ്, സി.പി. ഹാഫിദ് സംസാരിച്ചു.

പ്രസംഗ പരിശീലന പരിപാടി 'വായ്മൊഴി' മാമ്പൊയിലിൽ

ആലക്കോട്: മാമ്പൊയിൽ പബ്ലിക് ലൈബ്രറിയുടെയും ജെ. സി.ഐ ഉദയഗിരിയുടെയും സംയുക്താഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന പ്രസംഗപരിശീലന പരിപാടിയായ വായ്മൊഴി 10, 11, 12 തീയതികളിൽ ലൈബ്രറിയിൽ നടക്കും. വൈകുന്നേരം ഏഴ് മുതൽ പത്ത് വരെയാണ് പരിശീലന ക്ലാസ്. ബിജു കണയിങ്കലിന്റെ അധ്യക്ഷതയിൽ ഉദയഗിരി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സിജോ തുണ്ടിയിൽ ഉദ്ഘാടനം ചെയ്യും. ഫാ. ഷിനോജ് തുണ്ടത്തിൽ പ്രസംഗിക്കും. ടോം ജോസ് പാലയ്ക്കൽ സ്വാഗതവും സുനിൽ മുളയന്നൂർ നന്ദിയും പറയും. ഡോ. ജയ്സൺ ജോസഫ്, റോയ് ജോസഫ് കായപ്ലാക്കൽ, ഹബീബ് റഹ്മാൻ ക്ലാസുകൾ നയിക്കും.

ഉപഭോക്തൃ മുഖാമുഖവും പാൽ പരിശോധനാ ക്യാമ്പും എട്ടിന്

തളിപ്പറമ്പ: ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ പാൽ ഉപഭോക്തൃ മുഖാമുഖവും സൗജന്യ പാൽ പരിശോധന ക്യാമ്പും എട്ടിന് തളിപ്പറമ്പ് ക്ഷീര വ്യവസായ സഹകരണ സംഘത്തിൽ നടക്കും. ജെയിംസ് മാത്യു എം.എൽ.എ ഉദ്ഘാടനം ചെയ്യും. നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് അധ്യക്ഷത വഹിക്കും.

സമ്മാനക്കിലുക്കവുമായി ഖാദി ഓണം- ബക്രീദ് മേള ഇന്ന് മുതൽ

തളിപ്പറമ്പ: മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂളിന് സമീപത്തെ ഖാദി സൗഭാഗ്യയുടെ ഈവർഷത്തെ ഓണം- ബക്രീദ് മേള ഇന്ന് ആരംഭിക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇന്ന് വൈകീട്ട് നാല് മണിക്ക് നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളം ഉദ്ഘാടനം ചെയ്യും. സമ്മർ സ്കൂൾ ഷർട്ടുകൾ, ഉന്നക്കിടക്കകൾ, സിൽക്ക്, പട്ട്, കോട്ടൺ സാരികൾ, ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ, തേൻ, സ്റ്റാർച്ചുകൾ എന്നിവയുടെ വിപുലമായ ശേഖരണം ഷോറൂമിൽ ഒരുക്കിയിട്ടുണ്ട്. നിരവധി സമ്മാന പദ്ധതികളും മേളയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. സമ്മാന പദ്ധതിയിലെ വിജയികൾക്ക് മാരുതി വാഗണർ കാർ, അഞ്ച് പവൻ സ്വർണ്ണം, ഒരു പവൻ സ്വർണ്ണം എന്നിവ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് ലഭിക്കും. കൂടാതെ ആഴ്ചതോറും 5000 രൂപയുടെ ഗിഫ്റ്റ് വൗച്ചറുകളും നൽകുന്നുണ്ട്. ഖാദി വസ്ത്രങ്ങൾക്ക് 30 ശതമാനം റിബേറ്റും ലഭ്യാണ്.

പത്ര സമ്മേളനത്തിൽ കെ. വിനോദ്, വി. പങ്കജാക്ഷി എന്നിവർ പങ്കെടുത്തു.

കടമ്പേരി സ്മാരക അവാർഡ് കോഴിക്കോട് കക്കോടിയിലെ ഫാത്തിമ ബിസ്മിക്ക് സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. പി. എസ്. ശ്രീകല നൽകുന്നു.

പി.വി.കെ കടമ്പേരിയെ അനുസ്മരിച്ചു

തളിപ്പറമ്പ: ബാലസംഘം സംസ്ഥാന രക്ഷാധികാരിയും എഴുത്തുകാരനുമായ പിവികെ കടമ്പേരി അനുസ്മരണം ഓഡിറ്റോറിയത്തിൽ എസ്എഫ്ഐ അഖിലേന്ത്യ പ്രസിഡന്റ് വി. പി. സാനു ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് പി. എം. ദീഷ്ണപ്രസാദ് അധ്യക്ഷയായി. സംസ്ഥാന കൺവീനർ എം. പ്രകാശൻ അനുസ്മരണ പ്രഭാ ഷണം നടത്തി. പി.വി.കെയുടെ സ്മരണാർഥം ബാലസംഘം സംസ്ഥാന കമ്മിറ്റിയും പി.വി.കെ കടമ്പേരി സ്മാരക ട്രസ്റ്റും ഏർ പ്പെടുത്തിയ കടമ്പേരി സ്മാരക അവാർഡ് കോഴിക്കോട് കക്കോടി സ്വദേശിനി ഫാത്തിമ ബിസ്മിക്ക് സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. പി. എസ്. ശ്രീകല സമ്മാനിച്ചു. ബാലവേദി പ്രവർത്തിക്കുന്ന ലൈബ്രറിക്കുള്ള പി.വി.കെ കടമ്പേരി പുരസ്കാരം കട്ടയാൽ നവചേതന ലൈബ്രറിക്ക് സി. കൃഷ്ണൻ എംഎൽഎ വിതരണം ചെയ്തു. നാടൻപാട്ട് മത്സര വിജയികൾക്ക് പി. മുകുന്ദൻ സമ്മാനം നൽകി. സംസ്ഥാന സെക്രട്ടറി ബിബിൻ രാജ്, സംസ്ഥാന ജോയിന്റ് കൺവീനർ പി. കെ. നാരായണ ദാസ്, അഴീക്കോടൻ ചന്ദ്രൻ, ജില്ലാ സെക്രട്ടറി റാംഷ, ഡോ. കെ എം പ്രസീദ് സംസാരിച്ചു. സംഘാടക സമിതി ചെയർമാൻ സി. അശോക് കുമാർ സ്വാഗതവും കെ. വി മോഹനൻ നന്ദിയും പറഞ്ഞു. തുടർന്ന് കപിൽ കവി ലഘുനാടകം അവതരിപ്പിച്ചു.

അധ്യാപക ഒഴിവ്

മണക്കടവ്: ശ്രീപുരം ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ഹയർസെക്കണ്ടറി വിഭാഗം കെമിസ്ട്രി താൽക്കാലിക അധ്യാപകന്റെ ഒഴിവിലേക്കുള്ള ഇന്റർവ്യൂ 8ന് രാവിലെ പത്ത് മണിക്ക് സ്കൂൾ ഓഫീസിൽ നടക്കുമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

പ്രവാസി സംഘം മെമ്പർഷിപ്പ് ഫണ്ട് ഉദ്ഘാടനം

കണ്ണൂർ: കേരള പ്രവാസി സംഘം മെമ്പർഷിപ്പ് ഫണ്ട് ജില്ലാതല വിതരണ ഉദ്ഘാടനം ജില്ലാ എക്സിക്യുട്ടീവ് അംഗം എൻ. കൃഷ്ണന്റെ അധ്യക്ഷതയിൽ പ്രവാസി വ്യവസായി പി.പി. ഷംസുവിന് നൽകി ജില്ലാ സെക്രട്ടറി ഇ. എം.പി. അബൂബക്കർ നിർവഹിച്ചു. ഫണ്ട് പ്രവർത്തനത്തിന്റെ ഉദ്ഘാടനം സംസ്ഥാന കമ്മിറ്റിയംഗം ടി.പി. നാരായണൻ നിർവഹിച്ചു. പി. ദിനേശ്കുമാർ, പാലക്കൽ റിജേഷ് നമ്പ്യാർ, കെ.വി. സലീം, കെ. മുരളീധരൻ സംബന്ധിച്ചു.

സദാചാര ഗുണ്ടായിസത്തിന് എതിരെ പൊതുയോഗം ഇന്ന്

പയ്യന്നൂർ: സി.പി.ഐ(എം.എൽ) റെഡ്സ്റ്റാർ ജില്ലാ കമ്മിറ്റിയംഗം പി.വി. പത്മനാഭനെ സദാചാര ഗുണ്ടകൾ ആക്രമിച്ചതിൽ പ്രതിഷേധിച്ച് സാമൂഹ്യപ്രവർത്തകരുടെ ആഭിമുഖ്യത്തിൽ ഇന്ന് വൈകുന്നേരം അഞ്ചിന് രാമന്തളി സെൻട്രലിൽ പൊതുയോഗം നടക്കും. കെ. രാമചന്ദ്രൻ, എൻ. സുബ്രഹ്മണ്യൻ, കെ. സുനിൽകുമാർ, വിനോദ്കുമാർ, എം. സുധാകരൻ പ്രസംഗിക്കും.

തൊഴിൽ നിയമങ്ങളും പ്രയോഗവും ചർച്ച ഇന്ന്

കണ്ണൂർ: തൊഴിൽ നിയമങ്ങളും പ്രയോഗവും എന്ന വിഷയത്തിൽ ചേമ്പർ ഓഫ് കോമേഴ്സിന്റെ ആഭിമുഖ്യത്തിൽ ഇന്ന് വൈകിട്ട് നാലിന് ചേമ്പർ ഹാളിൽ ചർച്ച നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.സുമേഷ് ഉദ്ഘാടനം ചെയ്യും. ഡപ്യൂട്ടി ലേബർ കമ്മീഷണർ സുനിൽ തോമസ് വിഷയം അവതരിപ്പിക്കും. വിമാനത്താവളം യാഥാർത്ഥ്യമാകുന്ന പശ്ചാത്തലത്തിൽ തൊഴിൽ അന്തരീക്ഷം എത്രമാത്രം നിക്ഷേപ സൗഹൃദമാണെന്നത് സംബന്ധിച്ചാണ് ചർച്ച. ട്രേഡ് യൂണിയൻ-വ്യാപാര-വ്യവസായ രംഗങ്ങളിലെ പ്രമുഖർ സംബന്ധിക്കും.

തളിപ്പറമ്പ ബസ്സ്റ്റാന്റിൽ വയോധികർക്ക് ഇരിപ്പിടമില്ല

തളിപ്പറമ്പ: തളിപ്പറമ്പ ബസ്സ്റ്റാന്റിൽ മുതിർന്ന പൗരൻമാർക്കായി ഇരിപ്പിടങ്ങൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് സീനിയർ സിറ്റിസൺ ഫോറം രംഗത്ത്. മുൻകാലങ്ങളിൽ തളിപ്പറമ്പ ബസ്സ്റ്റാന്റിൽ യാത്രക്കാർക്ക് ഇരിക്കാനായി നിരവധി ഇരിപ്പിടങ്ങൾ ഉണ്ടായിരുന്നു. അവയിൽ പലതും തകർന്നു. നിലവിൽ രണ്ട് ബെഞ്ചുകളായി ചുരുങ്ങിയിരിക്കുകയാണ്. അവ സ്ത്രീകളും യുവാക്കളും വിദ്യാർത്ഥികളും കയ്യടക്കുകയും ചെയ്യുന്നതോടെ വയോധികരായ യാത്രക്കാർ നിന്ന് ബസ് കാക്കേണ്ട അവസ്ഥയാണ്. കുടിയാൻമല പോലുള്ള സ്ഥലങ്ങളിൽ നിന്നും ഇടവിട്ട് വരുന്ന കെ.എസ്.ആർ.ടി.സി ബസുകൾ കാത്ത് മണിക്കൂറുകളോളം നിൽക്കേണ്ടി വരുന്ന വയോധികരുടെ അവസ്ഥ ദയനീയമാണ്. ശാരീരികമായി പലവിധ അസ്വസ്ഥതകളും അനുഭവിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. ഇവ കണക്കിലെടുത്ത് മുതിർന്ന പൗരൻമാർക്ക് മാത്രമായി തളിപ്പറമ്പ ബസ്സ്റ്റാന്റിൽ ഇരിപ്പിടങ്ങൾ സ്ഥാപിക്കണമെന്ന് സീനിയർ സിറ്റിസൺ ഫോറം നടുവിൽ യൂണിറ്റ് പ്രസിഡണ്ട് വി. നാരായണൻ അധികൃതരോട് ആവശ്യപ്പെട്ടു.

പോത്തുകൾ വിൽപനക്ക്

വളർത്തുപോത്തുകൾ
ഇറച്ചി പോത്തുകൾ
വിൽപനക്ക്

9947882536

പാസ്പോർട്ട് നഷ്ടപ്പെട്ടു

കോഴിക്കോട് പാസ്പോർട്ട് ഓഫീസിൽ നിന്നും 30 - 06 - 1986ൽ ഇഷ്യൂ ചെയ്ത എന്റെ Y 272068 നമ്പർ പാസ്പോർട്ട് ചെറിയൂരിൽ നിന്ന് തളിപ്പറമ്പിലേക്കുള്ള യാത്രാമധ്യേ തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടുപോയിരിക്കുന്നു. കണ്ടുകിട്ടുന്നവർ ദയവായി തളിപ്പറമ്പ പോലീസ് സ്റ്റേഷനിലോ താഴെ കാണുന്ന വിലാസത്തിലോ അറിയിക്കാൻ താൽപര്യം. കണ്ടുകിട്ടാത്ത പക്ഷം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതാണ്.

ഉസ്മാൻ. ടി.കെ
S/o. ഇബ്രാഹിം. കെ.പി.
തുന്തക്കാച്ചി
ചെറിയൂർ, തളിപ്പറമ്പ
Mob: 9946722874

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്

സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ

പൂക്കോത്ത്നട | ആലക്കോട് റോഡ്
തളിപ്പറമ്പ | മന്ന, തളിപ്പറമ്പ

Ph: 9446774253, Mob: 9961664253

പരിചയസമ്പന്നരായ തൊഴിലാളികൾ
ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

8 മാസം കൊണ്ട് PSC അംഗീകൃത SSLC, +2 NIOS
(Humanities, Commerce)

- 5 വിഷയങ്ങൾ മാത്രം, മലയാളത്തിൽ പരീക്ഷ എഴുതാവുന്നതാണ്.
- +2/PDC പരാജയപ്പെട്ടവർക്ക് പരാജയപ്പെട്ട വിഷയങ്ങൾ മാത്രമെഴുതി പാസാകാവുന്നതാണ്.

Regular, Sunday, Postal Batches

മഹാത്മ കോളേജ്
Estd 1991
NH, തളിപ്പറമ്പ
Mob: 9947790266